കേരളകൗമുദി

20 September 2017

# മണ്ണില്ലാതെയും കൃഷി നടത്താം സർ...

കൊച്ചി: ആരു പറഞ്ഞു കൃഷിചെയ്യാൻമണ്ണുവേണമെന്ന്... ഫ്ലാറ്റുവാസികളും നാഴിയിടങ്ങഴി മണ്ണില്ലാത്തവരും ഇനി മണ്ണിന്റെ പേരിൽ കൃഷി ചെയ്യാതിരിക്കേണ്ട.

എറണാകുളം കൃഷി വിജ്ഞാനകേന്ദ്രം വികസിപ്പിച്ച മണ്ണില്ലാ നടീൽമിശ്രിതം വിപണിയിലെത്തുന്നു. നാളെ രാവിലെ 9.30 മുതൽ സി.എം.എഫ്.ആർ.ഐയിൽ വിപണനമേളയുണ്ട്. (ഫോൺ: 8281757450)

ജൈവകൃഷിക്ക്യോജിച്ചതാണ്ഈ മണ്ണില്ലാമണ്ണ്. 30 ഗ്രോബാഗുകളിൽ സാധാരണ കൃഷി ചെയ്യുന്നതിന് ചുരുങ്ങിയത് 150 കിലോ മണ്ണ് വേണം. ചകിരിച്ചോർ ഉപയോഗിച്ചുള്ള മിശ്രിതങ്ങളിൽ വേരുപിടിത്തം ബുദ്ധിമുട്ടാകുന്നതും പതിവാണ്. ഇതിനിടെയാണ് മണ്ണില്ലാ മിശ്രിതം പരീക്ഷിച്ച് വിജയിച്ചത്.

**എ**റണാകുളം കൃഷി വിജ്ഞാനകേന്ദ്രം വികസിപ്പിച്ചതാണ് മണ്ണില്ലാ നടീൽ മിശ്രിതം. നാളെ സി.എം.എഫ്.ആർ.ഐയിലാണ് വിപണനമേള

## 100

## പത്ത് കിലോ നൂറുരൂപ



**പ**ത്ത് കിലോയുടെ പാക്കറ്റുകളിൽ നേരിട്ട് ചെടികൾ നടാമെന്നതിനാൽ ഗ്രോബാഗുകൾ വേണ്ട, ഒരു പാക്കറ്റിന് 100 രൂപയാണ് വില. വൈപ്പിൻ ഹരിശ്രീ സ്വയംസഹായ സംഘമാണ് മിശ്രിതം തയ്യാറാക്കുന്നത്.

**പ**ഞ്ചസാര മില്ലുകളിൽ നിന്ന് പുറംതള്ളുന്ന പ്രസ്മഡ് എന്ന ഉപോല്പന്നം കമ്പോസ്റ്റ് ചെയ്താണ് മിശ്രിതം വികസിപ്പിച്ചത്. അഞ്ച് കിലോ പ്രസ്മഡ്, 2.5 കിലോ ചാണകപ്പൊടി, 2.5 കിലോ ചകിരിച്ചോർ എന്നിവ ഡോളമൈറ്റ്, സ്യൂഡോമൊണാസ്, വേപ്പിൻ പിണ്ണാക്ക് എന്നിവ ചേർത്തുണ്ടാക്കുന്ന ഈ മിശ്രിതം പോഷക സമ്പുഷ്ടവും പല തവണ ഉപയോഗിക്കാവുന്നതുമാണ്.